**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1462** **02.07.2015 ലെ മറുപടി**

**നഴ്സുമാരുടെ റിക്രൂട്ട്മെന്റ്**

ചോദ്യം

ശ്രീ. റ്റി.വി രാജേഷ്

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദേശ രാജ്യങ്ങളിൽ നഴ്സുമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്തൊക്കെ നടപടിക്രമങ്ങളാണ് നിലവിലുള്ളത്; | (എ) യും (ബി) യും | വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽതേടി പോകുന്ന ഇന്ത്യൻ നഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശ രാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുക എന്ന ലക്ഷ്യത്തോടെയും 18 ഇ.സി.ആർ രാജ്യങ്ങളിലേയ്ക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനം 31.05.2015 മുതൽ കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC) , തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd) , ചെന്നൈ എന്നിവർ മുഖാന്തിരം മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് |
| (ബി) | നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് ഇപ്പോൾ ഏതൊക്കെ സ്ഥാപനങ്ങൾ വഴിയാണ് നടത്തുവാൻ സാധിക്കുക; | | |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ച് കേന്ദ്ര പ്രവാസി കാര്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി വിദേശ രാജ്യത്തെ തൊഴിലുടമ സർക്കാരിന്റെ 'ഇമൈഗ്രേറ്റ് '(emigrate ) സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതിനനുസരിച്ച് നിയമനം നടത്തുകയും ചെയ്യാം. |
| (സി) | ഇപ്പോഴത്തെ നടപടി കാരണം വിദേശരാജ്യങ്ങളിൽ ജോലിതേടിപ്പോവുന്ന നേഴ്സുമാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ? | (സി) | വിദേശ തൊഴിൽ നിയമനത്തിന് എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് വിദേശ ജോലിയ്ക്കുള്ള നിയമന നടപടിക്രമങ്ങൾ പൂർത്തിയായവർക്ക് വിദേശത്ത് പോകുന്നതിന് തടസ്സം നേരിടുന്നു എന്ന് മനസ്സിലാക്കി 2015 മെയ് 1 മുതൽ പ്രാബല്യത്തിൽ വന്ന എമിഗ്രേഷൻ ക്ലിയറൻസ് നിബന്ധനയിൽ മെയ് 30 വരെ ഇളവ് നൽകിയിരുന്നു. കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഇമൈഗ്രേറ്റ് സംവിധാനത്തിലൂടെ നിയമന നടപടി ക്രമങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ വിദേശ രാജ്യങ്ങളിലെ തൊഴിൽദായകരുടെ ഇടയിൽ വേണ്ടത്ര അവബോധം ഉണ്ടായിട്ടില്ല എന്നതും ഇമൈഗ്രേറ്റ് സംവിധാനം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല എന്നതും കണക്കിലെടുത്ത് 30.05.2015 ന് മുൻപ് വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ നിയമന നടപടി ക്രമങ്ങൾ പാലിച്ച് |

| | | | |
|---|---|---|---|
| | | | 30.05.2015 ന് മുൻപോ ശേഷമോ വിസ ലഭിച്ചവർക്ക് വ്യവസ്ഥകളിൽ ഇളവ് നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ